**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകൾക്ക് ഹൈജീനിക് റേറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ഉദുമ ഭക്ഷ്യ സുരക്ഷാ ഓഫീസർ ഭക്ഷ്യ സാമ്പിളുകൾ ശേഖരിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ക്രമക്കേട് നടത്തിയതായി കാസർഗോഡ് ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പ്രസ്തുത ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് കുറ്റാരോ പണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഹോട്ടലുകളിൽ നിന്നും പരിശോധനയ്ക്കായി എടുക്കുന്ന സാംപിളുകളുടെ യഥാർത്ഥ പരിശോധനാഫലം മൂടിവെയ്ക്കുന്നതായും അത് നൽകുന്നതിൽ കാലതാമസം വരുത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഹോട്ടലുകളിൽ നിന്നും ശേഖരിയ്ക്കുന്ന സ്റ്റാറ്റ്യൂട്ടറി/ സർവ്വയിലൻസ് സാമ്പിളുകൾ യഥാസമയം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുക ളിൽ പരിശോധനയ്ക്ക് നൽകി പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് തന്നെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം പരിശോധനാ ഫലം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ലാബുകൾക്കും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സാമ്പിൾ ശേഖരണം നടത്തുന്ന വേളകളിൽ സാമ്പിളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിയ്ക്കുന്നതിനാൽ പരിശോധനാ ഫലം ലഭി യ്ക്കുന്നതിൽ കാലതാമസം പരിഹരിയ്ക്കുന്നതിനായി NABL അക്രെഡിറ്റേഷനുള്ള സ്വകാര്യ ലാബുകളിൽ കൂടി പരിശോധന നടത്തി പരിശോധനാ ഫലം സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യസുരക്ഷാ ലൈസൻസുകൾ എടുത്തവർ റിട്ടേൺ ഫയൽ ചെയ്യാൻ നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ യഥാസമയം റിട്ടേൺ ഫയൽ | (സി) | ഭക്ഷ്യസുരക്ഷാ ലൈസൻസുകൾ എടുത്ത മാനുഫാക്ച്ചറിങ്, റീപാക്കർ, റീലേബലർ വിഭാഗങ്ങളിൽപ്പെടുന്നവർ വാർഷിക റിട്ടേൺ ഫയൽ |

| | | | |
|---|---|---|---|
| | ചെയ്യാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | | ചെയ്യാൻ നിയമം അനുശാസിക്കുന്നുണ്ട്. Food safety and Standards (Licensing and Registration of Food Business) Regulations 2011, റെഗുലേഷൻ 2.1.13(3) പ്രകാരം റിട്ടേൺ ഫയൽ ചെയ്യാൻ വൈകുന്ന ഓരോ ദിവസവും പ്രതിദിനം 100 രൂപ ക്രമത്തിൽ പരമാവധി 15000 രൂപ വരെ ഓരോ വർഷവും പിഴ ഈടാക്കുന്ന താണ്. ഭക്ഷ്യ സംരംഭകർക്ക് foscos.fssai.gov.in എന്ന വെബ്സൈറ്റ് മുഖേന നേരിട്ട് വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനും പിഴ അടയ്ക്കുന്നതിനും സാധിയ്ക്കു ന്നതാണ്. ഈ വർഷം മുതൽ Annual Return ഫയൽ ചെയ്തില്ലെങ്കിൽ ലൈസൻസ് പുതുക്കുന്നതിന് കഴിയു ന്നതല്ല. |
| (ഡി) | ഹോട്ടലുകൾക്ക് ഹൈജീനിക് റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളിലെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ഹൈജീൻ റേറ്റിംഗ്. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവയ്ക്കാണ് നിലവിൽ **ഹൈജീൻ റേറ്റിംഗ്** ഏർപ്പെടുത്തിയിട്ടുള്ളത്. FSSAI അംഗീകൃത ഏജൻസി ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ശുചിത്വ നിലവാരം പരിശോധിച്ച് ഒന്ന് മുതൽ അഞ്ച് വരെയുള്ള റേറ്റിംഗ് നൽകുന്നു. ഇതുവഴി ഉപഭോക്താക്കൾക്ക് അവർ ആശ്രയിക്കുന്ന സ്ഥാപനങ്ങളുടെ ശുചിത്വ നിലവാരം മനസിലാക്കുവാനും മെച്ചപ്പെട്ട ഇടം തെരഞ്ഞെടുക്കുവാനും കഴിയുന്നു. ഇതിലൂടെ 3078 ഹോട്ടലുകൾ/ റെസ്റ്റാറന്റുകൾക്ക് റേറ്റിങ് നല്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ